ലക്കം 16

# ഗോസ്പൽ ട്രൂത്ത്

അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ

For Private Circulation only

## "മുമ്പേ വെടിപ്പാക്കുക"

യേശു പരീശന്മാരെയും, സാദൂക്യരേയും നോക്കി അവരോട് ഇപ്രകാരം ഗുണദോഷിച്ചു" നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു.... കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിന് മുമ്പേ അവയുടെ അകം വെടിപ്പാക്കുക.... അങ്ങനെ തന്നേ പുറമേ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്കു തോന്നുന്നു. അകമേയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രെ. (മത്തായി. 23 :25-28)

ജനങ്ങളുടെ മുമ്പാകെ പരീശന്മാർ നീതിയുടെയും വിശുദ്ധിയുടെതുമായ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. യേശു അവരുടെ ഹൃദയം അറിഞ്ഞു അവരോട് കൽപ്പിച്ചത് "മുമ്പേ നിങ്ങളുടെ അകം വെടിപ്പാക്കുവിൻ" എന്നു പറഞ്ഞു. ഹൃദയത്തിന്റെ അവസ്ഥയാണ് ദൈവദൃഷ്ടിയിൽ വസ്ത്രധാരണത്തെക്കാൾ കൂടുതൽ പ്രാധാന്യമുള്ളത്. കഴിഞ്ഞകാലത്തിലെ പരീശന്മാരെ പോലെ ഇന്നും ചിലർ സ്വയനീതീകരണത്തിൽ ജീവിക്കുന്നു. അവർ തങ്ങളുടെ നന്മപ്രവർത്തിയിലൂടെ തങ്ങളെ തന്നെ നീതീകരിക്കുക മാത്രമല്ല, ആധുനീക വസ്ത്രധാരണത്തിലൂടെ തങ്ങളെത്തന്നെ മഹത്വീകരിക്കുകയും ചെയ്യുന്നു.




പുറത്തു നിന്നും അകത്തേക്ക് വരുന്നതു മനുഷ്യനെ അശുദ്ധമാക്കുന്നില്ല മറിച്ച് മനുഷ്യന്റെ ഹൃദയത്തിൽ നിന്നും പുറത്തേക്കു വരുന്നത് മാത്രമാണ് അവനെ അശുദ്ധമാക്കുന്നത് എന്ന് യേശു വ്യക്തമായി പഠിപ്പിച്ചിട്ടുള്ളതാണ്. (മത്തായി.15: 17-20) ദൈവസന്നിധിയിൽ മനുഷ്യന്റെ ഹൃദയം ശരിയല്ലെങ്കിൽ ബാഹ്യമായുള്ള എല്ലാ പ്രവർത്തനങ്ങളും വൃഥാവാണ്. അകമേ നീതികേട് മറച്ചുവച്ചുകൊണ്ട് പുറമേ നന്മകാണിച്ചാൽ അത് കപടഭക്തിയായി പോകും.

ആധുനീക വസ്ത്രധാരണത്തിന്റെ പ്രാധാന്യതയെ യേശു കുറച്ചുകണ്ടില്ലെങ്കിലും പ്രസ്തുത വസ്ത്രം ധരിക്കുന്നതിന്റെ പിന്നിലുള്ള മനുഷ്യന്റെ മനോഭാവത്തെയാണ് യേശുക്രിസ്തു കൂടുതലായി ശ്രദ്ധിക്കുന്നത്. മാന്യമായ വസ്ത്രധാരണം ഒരു വ്യക്തിയുടെ ഹൃദയത്തിലുള്ള നീതീകരണത്തെയും വിശുദ്ധിയെയുമാണ് വെളിപ്പെടുത്തുന്നത്. പ്രവൃത്തിയാലല്ല, പ്രത്യുത ദൈവത്തിന്റെ കൃപയാലത്രെ മനുഷ്യർ രക്ഷിക്കപ്പെടുന്നത്. (എഫെസ്യർ 2:8-9) എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ (എബ്രായർ. 12: 14)

ആത്മാവിന്റെ രക്ഷ സമ്പൂർണ്ണമായ മാറ്റത്തിന് കാരണമാകുന്നു.


| പത്രാധിപലേഖനം | ബാഹ്യമായ കാഴ്ചപ്പാട്<br>നേതൃത്വം | ക്രിസ്തീയ വസ്ത്രം | സംസ്ക്കാരം<br>പേജ് 9<br>ചോദ്യവും - ഉത്തരവും | നിങ്ങൾക്കറിയാമോ?<br>തക്കസമയത്തെ വാക്ക് |
|---|---|---|---|---|
| 3 | 4 | 5 - 9 | 10 - 11 | 12 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിക്കയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു."(റോമർ 6:22) പാപം, അഹങ്കാരം, ദുരാഗ്രഹം, അപമര്യാദ എന്നിവ ശുദ്ധീകരിക്കപ്പെടേണ്ടവയും ഉരിഞ്ഞുകളയേണ്ടവയും അത്രെ." പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെസ്യർ. 4:21-24)

മനുഷ്യന്റെ ആത്മീയജീവിതത്തിന്റെ പ്രധാന്യതയെക്കുറിച്ച് ദൈവവചനം വളരെ കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു ക്രിസ്തുവിന്റെ ആത്മാവോട് നമ്മുടെ അകത്തെ മനുഷ്യൻ അനുരൂപപ്പെടുമെങ്കിൽ വിശുദ്ധീകരണത്തിന്റെ ഫലം കായ്ക്കുവാനിടയാകും ജീവിതത്തിന്റെ എല്ലാനടപടിക്രമങ്ങളെയും വചനം വിശകലനം ചെയ്യുന്നില്ല. എന്നാൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ബൈബിൾ ഊന്നിപ്പറയുന്നു. മാന്യമായ വസ്ത്രധാരണത്തെയും നമ്മുടെ സ്വഭാവസവിശേഷതയെയും വചനത്തിന്റെ വെളിച്ചത്തിൽ നമുക്ക് ദർശിക്കാവുന്നതാണ്. ഈ ലോകജനങ്ങൾ സ്വയം നീതീകരിച്ചുകൊണ്ട് ആധുനിക വസ്ത്രധാരണത്തെ ന്യായീകരിക്കുമ്പോൾ, സത്യസന്ധരായ ആത്മീയർ ദൈവവചനത്തെയാണ് ശ്രദ്ധിക്കുന്നത്.

ഉന്നതനും ഉയർന്നിരിക്കുന്നവനുമായ ദൈവം "മനസ്താപവും മനോവിനയവുമുള്ളവരുടെ" ഹൃദയത്തിലും വസിക്കുന്നു. (യെശയ്യ.57:15) അപ്പോസ്തലനായ പത്രോസ് താഴ്മധരിച്ചുകൊണ്ട്, ജീവിക്കുവാൻ ദൈവമക്കളെ പ്രബോധിപ്പിക്കുന്നു. ദൈവം താഴ്മയുള്ളവർക്ക് കൃപനല്കുകയും നിഗളികളോട് എതിർത്തു നിൽക്കുകയും ചെയ്യുന്നു.(1പത്രോസ്.5:5) ദൈവമുമ്പാകെ എളിമപ്പെടുക. പുറമെയുള്ള മനുഷ്യനിൽ ആ താഴ്മ വെളിപ്പെടത്തക്കവണ്ണം മാതൃകയുള്ളതാകണം നമ്മുടെ ജീവിതം. "സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂക്ഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ" (1പത്രോസ്. 3:4)

ദൈവമുമ്പാകെ വിശുദ്ധി ഉചിതം തന്നെ. വിശുദ്ധിയോടും നിർമ്മലതയോടുംകൂടി ദൈവത്തെ ആരാധിക്കേണ്ടതാണ്. " ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരം ആകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? (1 കൊരി.6:19,20)

MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

*നമുക്കു പൊതുവായ രക്ഷയെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായി ഭാരമേല്പ്പിച്ച വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നെനിക്ക് തോന്നി.–യൂദാ. 1:3*

ക്രിസ്തീയ വസ്ത്രധാരണത്തെക്കുറിച്ചാണ് ഇത്തവണ എഴുതുവാൻ ആഗ്രഹിക്കുന്നത്. അനേകർ ഇന്നു ലോകത്തിന്റെ വഴിയിലൂടെ ഇതു സംബന്ധിച്ചു നീങ്ങികൊണ്ടിരിക്കുമ്പോൾ ദൈവത്തിന് ഈ വിഷയത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഈ അന്ത്യകാലത്തു ദൈവമക്കൾക്കും ലോകർക്കും തമ്മിലുള്ള ഒരു വേർപാടുമില്ലാതെ ഒരുപോലെ നീതികേടിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. പത്ഥ്യോപദേശത്തിന് വേണ്ടി നിലകൊള്ളുവാൻ ഞാൻ എല്ലാവായനക്കാരേയും പ്രബോധിപ്പിക്കുന്നു. പ്രസ്തുത സത്യങ്ങൾ നിങ്ങൾക്ക് മനസ്സിലായില്ലെങ്കിൽ, പിതാക്കന്മാർ ഇട്ടിട്ടുള്ള അതിർ നീക്കാതിരിപ്പാൻ വേണ്ടത്ര ജാഗ്രതപുലർത്തുക.

പുറമേയുള്ള മനുഷ്യനെക്കാൾ പ്രാധാന്യമുള്ളതാണ് അകമേയുള്ള മനുഷ്യൻ. ദൈവസ്നേഹം ലവലേശമില്ലാതെ, അഹങ്കാരവും, ജഡസ്വഭാവത്താലും നിറഞ്ഞ ജനങ്ങൾ ലജ്ജയില്ലാതെ ആധുനിക വസ്ത്ര ആഡംബരവുമായി മുമ്പോട്ടു പോകുകയാണ്. ആഡംബരം ഇന്ന് ഒരു ഫാഷനായിമാറിക്കഴിഞ്ഞിരിക്കുന്നു. നാം എന്തു ചെയ്താലും നമ്മുടെ വ്യക്തിപരമായിട്ടുള്ള ദൈവീകബന്ധത്തിനടിസ്ഥാനത്തിലാകണം.

പൊതുവെ വസ്ത്രധാരണത്തിന്റെ കാര്യം പരാമർശിക്കുമ്പോൾ ജനങ്ങളിൽ പലർക്കും അതു മുറിപ്പെടുത്തിയെന്നു വരാം. വിശുദ്ധർ എന്നു പറയുന്നവരിൽ പോലും ലജ്ജാകരമായ അവസ്ഥയാണ് കണ്ടുവരുന്നതെന്ന വസ്തുത വേദനാജനകമാണ്. ഇതാണ് "സൗകര്യം" എന്ന ന്യായീകരണമാണിന്ന് പരക്കെയുള്ളത് പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദമായ പഠനമില്ലത്തതെന്താണ്? ബഹുഭൂരിപക്ഷവും ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാതെ, ഒഴിവുകഴിവു പറഞ്ഞും ലോകത്തോടു പൊരുത്തപ്പെട്ടും പോകുമ്പോൾ ഒരു വലിയ ആത്മീയ അധ:പതനമാണ് ഉണ്ടാകുന്നത്.

ദൈവസഭ പ്രസ്ഥാനത്തിൽ ടൈ കെട്ടുന്ന വിഷയത്തെക്കുറിച്ചുള്ള സംഭവവികാസങ്ങൾ ഞാനോർക്കുന്നു. 1910–1913 കാലഘട്ടത്തുണ്ടായ വിഭജനത്തിനു തന്നെ കാരണമായത് പ്രസ്തുത ടൈ കെട്ടുന്ന വിഷയവുമുണ്ടായിരുന്നു. ഒരു വിഭാഗം തങ്ങളുടെ കഴുത്തിൽ ഉപയോഗശൂന്യമായ തുണികഷ്ണം കെട്ടുന്നതിൽ അർത്ഥമില്ല എന്ന നിലപാടു സ്വീകരിച്ചപ്പോൾ, മറുഭാഗം "യോഗ്യമായ വസ്ത്രധാരണം" സമൂഹത്തിന്റെ അന്തസ്സായി അതിനെ കണ്ടു. ചെറിയ വിഷയമായ ടൈ കെട്ടുന്നതിനോടു പൊരുത്തപ്പെട്ടവർ മറ്റു പലതിലും പൊരുത്തപ്പെട്ടു പോകുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അവരിൽ പലർക്കും തിരുവചനാധിഷ്ഠിതമായ ജീവിതരീതി ഇന്ന് ഇല്ലാതിരിക്കുന്നു. അമേരിക്കയിൽ സാധാരണയായി സ്ത്രീകൾ നെക്ലസ് ഉപയോഗിക്കാറുണ്ട്. അതു പാപമാണെങ്കിൽ "നെക്ടൈക്ക്"എന്തു ന്യായീകരണമാണ് പറയാൻ കഴിയുക? വസ്ത്രധാരണത്തിന്റെ പ്രാധാന്യം ഉൾക്കൊൾവാൻ പരിശുദ്ധാത്മാവ് നമുക്ക് കൃപ നൽകുമാറാകട്ടെ.

ന്യായവാദങ്ങൾക്കധിഷ്ഠിതമായ ഒരു വിശ്വാസശൈലി രൂപപ്പെടുത്തുകയല്ലവേണ്ടത്, പ്രത്യുത സ്ഥിരമായൊരു സമചിത്തമായ ആത്മീയതയാണ് നമുക്കാവശ്യം. ക്രിസ്തുവിൽ താഴ്മയോടുകൂടി ജീവിപ്പാൻ കഴിയുന്നത് ഒരു അനുഗ്രഹം തന്നെയാണ്. ഈ അന്ധകാരലോകത്ത്, സത്യസന്ധമായി നിലകൊള്ളുവാനും നമ്മുടെ രക്ഷകനെ പ്രസാദിപ്പിക്കുവാനും ആവശ്യമായ പ്രാഗത്ഭ്യവും, സമാധാനവും നമ്മുടെ ദൈവം നമുക്ക് എല്ലാവർക്കും പ്രദാനം ചെയ്യുമാറാകട്ടെ.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org



# സ്വാഗതം

**************

മാതൃകാ വസ്ത്രധാരണം നടത്തുന്ന ദൈവവചനത്തിന്റെ ഉന്നതനിലവാരം പുലർത്തുന്നവരെ ദാവത്തിന്റെ വിശുദ്ധന്മാർ ആരാധനയ്ക്കായി സ്വാഗതം ചെയ്യുന്നു.

# നേതൃത്വം

**************

നേതൃനിരയിലുള്ളവർ നിരപവാദ്യരും എല്ലാ നിലയിലും വിശ്വാസികൾക്ക് മാതൃകാ ജീവിതം നയിക്കുന്നവരും ആയിരിക്കണെമെന്ന് ദൈവവചനം അനുശാസിക്കുന്നു. സണ്ടേസ്ക്കൂൾ അധ്യാപകന്മാർ, ഗാനശുശ്രൂഷ ലീഡർ, മൂപ്പന്മാർ എന്നിവർ ആരാധനാ സമയം മാത്രമല്ല, എല്ലായിടത്തും മാതൃകയുള്ള വസ്ത്രം ധരിക്കുന്നവരും വിശുദ്ധജീവിതം നയിക്കുന്നവരും ആയിരിക്കേണം. ഇപ്രകാരമുള്ള തിരുവചനാധിഷ്ഠിത ഉപദേശങ്ങളിൽ വീഴ്ച വരുത്തുന്നവർ നേതൃത്വത്തിൽ വരുവാൻ അയോഗ്യരാണ്.

# ബൈബിൾ പഠന സഹായി

## വിഷയം : ബാഹ്യമായ കാഴ്ചപ്പാട്.

**വായനഭാഗം** : ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താനങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുകയും (1 കൊരി.6:19,20)

**രത്നചുരുക്കം** : ദൈവമക്കൾ മാതൃകയുള്ളവരായി വസ്ത്രധാരണത്തിലും ബാഹ്യമായ കാഴ്ചപ്പാടിലും വിശുദ്ധീകരണത്തിലും മാതൃകയുള്ളവരായി ജീവിക്കുകയും ആഭരണം ധരിക്കുന്നതിലും മുഖവും ശരീരവും മറ്റുള്ളവർക്ക് ആകർഷണം തോന്നുന്ന വിധം സൗന്ദര്യവർദ്ധകവസ്തുക്കൾ ഉപയോഗിക്കാത്തവരും ആയിരിക്കണം. അകമേയുള്ള താഴ്മയും വിശുദ്ധിയും ആവണം പുറമേ പ്രതിഫലിക്കേണ്ടത്.

I. **പുറമേയുള്ള മനുഷ്യന്റെ പ്രാധാന്യത**
 A. 1 ശമുവേൽ. 16: 7 മനുഷ്യൻ പുറമേയുള്ളത് നോക്കുന്നു.
 B. മത്തായി 5: 14-16 നാം ലോകത്തിന്റെ വെളിച്ചമാണ്.

II. **അകമേയുള്ള മനുഷ്യൻ**
 A. മത്തായി15:17-20 അശുദ്ധമായവ
 B. യെശയ്യ . 57: 15.താഴ്മയും വിനയവുമുള്ള ആത്മാവ്
 C. 1 പത്രോസ്. 5: 5. താഴ്മ ധരിക്കുക
 D. 1 പത്രോസ്. 3:4 -5. സാവധാനതയുള്ള മനസ്സിന്റെ അക്ഷയ ഭൂക്ഷണമായ ഗൂഢ മനുഷ്യൻ

III. **ആദ്യമുള്ളത് ആദ്യം തന്നെ**
 A. എഫെസ്യർ. 2: 8- 10. നന്മപ്രവർത്തികൾക്കായി ദൈവകൃപയാലുള്ള രക്ഷ.
 B. മത്തായി 23: 25-28. അകമേയുള്ളവ ആദ്യം വെടിപ്പാക്കുക.

IV. **വിശുദ്ധിക്കായി വിളിക്കപ്പെട്ടു**
 A. എബ്രായർ. 12: 14. വിശുദ്ധിയെ അനുഗമിക്കുക
 B. റോമർ. 6: 22. വിശുദ്ധിക്കായുള്ള സൽഫലം
 C. എഫെസ്യർ. 4: 21-24. പുതിയ മനുഷ്യനെ ധരിക്കുക
 D.1 പത്രോസ്. 2: 9. തെരഞ്ഞെടുക്കപ്പെട്ട ജാതി, വിശുദ്ധജനം

V.**ബൈബിളിന്റെ നിലവാരത്തിലുള്ള വസ്ത്രം**
 A. ഉല്പത്തി.3:7-10, 21. ദൈവം ആദാമിനെയും ഹവ്വായെയും വസ്ത്രം ഉടുപ്പിച്ചു
 B. യെശയ്യ. 47: 2 - 3 നഗ്നതയെക്കുറിച്ചുള്ള പഴയനിയമ ഉദാഹരണം
 C. യോഹന്നാൻ 21:7 പത്രോസിന്റെ നഗ്നത
 D. ആവർത്തനം. 22: 5. സ്ത്രീയും പുരുഷനും അനുയോജ്യമായ വസ്ത്രം
 E. 1 തിമൊഥി. 2: 9. ലജ്ജാശീലത്തോടുകൂടിയ വസ്ത്രധാരണം (1 പത്രോ.3:3)
 F. 1 തിമൊഥി. 4:12. വിശുദ്ധിയുടെ ഉദാഹരണം

VI. **ഈ ലോകത്തിനുള്ളവ**
 A. റോമർ.12:2 ഈ ലോകത്തിനരൂപമാകാതെ
 B. 1യോഹ. 2:15-17 ലോകത്തെ സ്നേഹിക്കരുത്

VII. **സൗന്ദര്യവർദ്ധകവസ്തുക്കളും ആഭരണവും**
 A. 1 തിമോ. 2:9,10 അലങ്കാരം നിരോധിക്കപ്പെട്ടു (1 പത്രോ 3:3)
 B. യെശയ്യ. 3:16-24 ദൈവത്തിന്റെ ന്യായവിധി(യിരമ്യാവ് 4:30)

VII1. **തലമുടി**
 A. കൊരി. 11:14 15തലമുടിയുടെ നീളം
 B. 1 തിമൊ. 2:9, 1 പത്രോസ്. 3:3 ലളിതജീവിതം

1X. **അളവിന്റെ മാനദണ്ഡം**
 A.കൊരി. 10:12,18 ദൈവകല്പന
 B. യോഹന്നാൻ. 12:48 ദൈവവചനം വിധിക്കുന്നു
 C. യെശയ്യ. 62:10 ജനത്തിനുവേണ്ടി ഉന്നതനിലവാരം പുലർത്തുക
 D. 1 യോഹ. 5:3 ദൈവസ്നേഹം

**ഉപസംഹാരം**

യഹോവ തന്റെ ജനത്തിൽ പ്രസാദിക്കുന്നു. താഴ്മയുള്ളവരെ അവൻ രക്ഷകൊണ്ട് അലങ്കരിക്കും. ഭക്തന്മാർ മഹത്വത്തിൽ ആനന്ദിക്കട്ടെ. അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ.

- സങ്കീർത്തനം 149 : 4

ബാഹ്യമായകാഴ്ചപ്പാട്

# ക്രിസ്തീയ വസ്ത്രം

**ലാളിത്യം:** ഔചിത്യമര്യാദയാൽ നിയന്ത്രിതമായത്; മുന്നോക്കമോ തീരെ നാണം കെട്ടതോ അല്ലാത്ത അയഞ്ഞതോ ആഭാസമില്ലാത്തതും. അന്തസ്സുറ്റത്, ക്രമമായ, ഇടത്തരം, അതിരുകടക്കാത്തതോ അത്യധികമോ അല്ലാത്തത്; നിലവിട്ടുള്ളത് അല്ലാത്തത്.

**സമചിത്തത:** ശാന്തത അഥവ ആത്മനിയന്ത്രണം; ഗൗരവം; കാര്യഗൗരവത്വം;സ്വബോധം

**ലജ്ജ:** നാണം കാണിക്കുക, വളരെ വിനീതം, നാണം



## അന്ധകാരത്തിൽ നിന്നു വിളിച്ചു

ദൈവസഭ ഈ തലമുറയിലും ഒരു വിശുദ്ധവംശമാണ്. ക്രിസ്തു, ലോകത്തിൽ നിന്ന് വേർപെട്ടിരുന്നതു പോലെ ദൈവജനവും വേർപ്പെട്ട് ഇരിക്കേണ്ടതാകുന്നു. ഓരോ ദൈവപൈതലും 'അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് ' വിളിക്കപ്പെട്ടവരാണ് (1പത്രോസ് 2:9). വേർപ്പെട്ട് ഇരിക്കേണ്ടത് ഒരു ഉത്തരവാദിത്വം മാത്രമല്ല, പ്രത്യുത മനുഷ്യരുടെ ഇടയിൽ നിങ്ങളുടെ വെളിച്ചം പ്രകാശിച്ചിട്ട്, അവർ ദൈവത്തിന്റെ മഹത്വം കാണേണ്ടതിന്റെ അവകാശം കൂടിയാണ് (മത്തായി 5:14-16). ഇന്ന് പല ക്രിസ്തീയസഭകളും അച്ചടക്കം, വസ്ത്രം എന്നീ കാര്യങ്ങളിൽ ലോകവുമായി അനുരഞ്ജനത്തിലേക്ക് വന്നു എങ്കിലും ദൈവത്തിന്റെ വചനം മാറിയിട്ടില്ല. ദൈവവചനം വസ്ത്രത്തിനും അത് ധരിക്കുമ്പോഴുള്ള കാഴ്ചയ്ക്കും വളരെ പ്രാധ്യാനം നൽകുന്നു. ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്ന ആധുനിക വസ്ത്രങ്ങൾ ധരിക്കുന്നതിനുള്ള വലിയ സമ്മർദ്ദം ജനങ്ങളിൽ ഉണ്ട്. വസ്ത്രം ധരിച്ചിട്ട് ഒരുവൻ കാഴ്ചയിൽ എങ്ങനെ ആയിരിക്കണം എന്ന് ദൈവവചനം അനുശാസിക്കുന്നുണ്ട്.

## എന്തുകൊണ്ട് വസ്ത്രത്തിന് പ്രാധാന്യം?

ദൈവജനത്തിന്റെ വസ്ത്രധാരണവും അതിന്റെ പ്രദർശനവും പ്രാധാന്യം അർഹിക്കുന്നത്
'നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ'(1കൊരിന്ത്യർ 6 :20) എന്ന് ദൈവം പറഞ്ഞിരിക്കുന്നതിനാലാണ്. 1 ശാമുവേൽ 16:7 സാധാരണ വസ്ത്രത്തിന്റെ ബാഹ്യമായ കാഴ്ചയ്ക്ക് വലിയ പ്രാധ്യാനം ഇല്ല എന്ന് സമർത്ഥിക്കുവാൻ ഉദ്ധരിക്കാറുണ്ട്. 'മനുഷ്യൻ കണ്ണിനു കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു' തീർച്ചയായും ദൈവം ഹൃദയത്തെ നോക്കുമ്പോൾ തന്നെ,ഹൃദയത്തെക്കാണുവാൻ കഴിയാത്ത ആളുകളുടെ മുന്നിലെ സാക്ഷികളാണ്, ക്രിസ്ത്യാനികൾ.പുറമേയുള്ള കാഴ്ചയ്ക്ക് അനുസരണമായി വിധിക്കപ്പെടുമ്പോൾ അവരുടെ ഹൃദയത്തിന്റെ അവസ്ഥയും, വിശ്വാസവും മുൻഗണനകളും, പ്രതിച്ഛായയുമാണ് ഏറിയ തവണയും പ്രതിഫലിക്കുക. ദൈവപൈതലിന്റെ വസ്ത്രവും പുറമെയുള്ള കാഴ്ചയും താഴ്മ, നിർമ്മലത, ദൈവം കണക്കിടുന്ന വിശുദ്ധി എന്നിവയുടെ സന്ദേശം ആയിരിക്കണം. അപ്പോൾ തന്നെ വിശുദ്ധന്മാർ ലാളിത്യത്തിന് സ്വർണ്ണകാളക്കുട്ടിയെ ഉണ്ടാക്കുകയല്ല വേണ്ടത്, അത് ലോകത്തിന്റെ തത്വമായതിനാൽ, അതിനെ ക്ഷമയോടെ കാണുക എന്നതിനുമപ്പുറം ആശ്ലേഷിക്കുകയാണ് വേണ്ടത്.

## ബൈബിളിൽ നഗ്നത എന്താണ്?

പ്രാരംഭത്തിങ്കൽ ആദവും ഹവ്വായും പാപം ചെയ്തപ്പോൾ അവർ നഗ്നരാണെന്ന് മനസ്സിലായി. ഉടൻ തന്നെ അവർ അത്തിയില കൂട്ടിതുന്നി നഗ്നത മറയ്ക്കുവാൻ അരയാട ഉണ്ടാക്കി. എന്നാൽ യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു എന്നതാണ് ഏറ്റവും പ്രധാനമായകാര്യം (ഉല്പത്തി 3: 7-10, 21). പൂർണ്ണമായും വസ്ത്രം ഇല്ലാതിരിക്കുന്നതല്ല തിരുവചനത്തിൽ നഗ്നത എന്ന് ഉദ്ദേശിക്കുന്നത്. യെശയ്യാവ് 47: 2-3 ൽ തുട മറയ്ക്കാത്തത് നഗ്നതയായിട്ടാണ് വിവരിക്കുന്നത്. മീൻ പിടിച്ചുകൊണ്ടിരുന്ന ശിഷ്യനായ പത്രോസിന്റെ കാര്യം നോക്കുക. ' അതു കർത്താവാകുന്നു എന്ന് ശീമോൻ പത്രോസ് കേട്ടിട്ട് താൻ

> **ദൈവ പൈതലിന്റെ വസ്ത്രവും പുറമേ യുള്ള കാഴ്ചയും താഴ്മ, നിർമ്മലത, ദൈവം കണക്കിടുന്ന വിശുദ്ധി എന്നിവയുടെ സന്ദേശം ആയിരിക്കണം.**



**ദൈവ പൈതലിന്റെ വസ്ത്രം ലളിതവും അച്ചടക്കത്തിന്റെ നിലവാരത്തിലും ഉള്ളതായി രിക്കണം**

നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി' (യോഹന്നാൻ 21 :7). സ്മിത്തിന്റെ ബൈബിൾ ഡിഷ്ണറി പ്രകാരം സ്ത്രീയും പുരുഷനും ശരീരത്തോട് ഇറുകിയിരിക്കുന്ന നീളമുള്ള ഉടുപ്പ് അക്കാലത്ത് ധരിച്ചിരുന്നു എന്നു പറയുന്നു. അവ കൈ ഇല്ലാതെ കാൽ മുട്ട് വരെ നീളമുള്ളതും, ചിലത് പാദം വരെയും നീളമുള്ളതും ആയിരുന്നു. അതിനു മുകളിലായിരുന്നു പൂർണ്ണമായും മൂടിനിൽക്കുന്ന പുറമെയുള്ള വസ്ത്രം. ആളുകൾ മേൽ വസ്ത്രം ധരിക്കാതിരിക്കുമ്പോൾ ആണ് നഗ്നത എന്നു പറയുന്നത്. അതിനാൽ പത്രോസ് , കർത്താവിനെ കണ്ടപ്പോൾ, വസ്ത്രമില്ലാതിരുന്നിട്ടല്ല, മേൽ വസ്ത്രമില്ലാതിരുന്നതിനാലാണ് അങ്കി അരയിൽ ചുറ്റുവാൻ ബദ്ധപ്പെട്ടത്(1 ശമുവേൽ 19 :24 കൂടി കാണുക). ഈ വചനങ്ങൾ നഗ്നതയെക്കുറിച്ചുള്ള ദൈവീക കാഴ്ചപ്പാട് വെളിവാക്കുന്നു. നിക്കർ, കുട്ടിപ്പാവാട അല്ലെങ്കിൽ അതിലും ചുരുങ്ങിയവ ധരിക്കുന്നവർ ലോകം നിറയെ ഉണ്ട്. ഇത് വ്യക്തമായും ദൈവവചനത്തിന് വിപരീതവും പഴയനിയമത്തിൽ നിന്ന് ഒട്ടും കൂടുതലല്ലാതെ പറയുന്ന പുതിയ നിയമ മാനദണ്ഡങ്ങളുടെ ലംഘനവുമാണ്.

### ലിംഗഭേദങ്ങൾ

'പുരുഷന്റെ വസ്ത്രം സ്ത്രീയും, സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പ് ആകുന്നു( അവർത്തനം 22 :5). സ്ത്രീ പടക്കോപ്പുകൾ എടുക്കുന്നതിനെ വിലക്കികൊണ്ടുള്ള ആശയമാണ് മേൽപ്പറഞ്ഞ വാക്യത്തിന് കൂടുതൽ ഉള്ളതെങ്കിലും ലിംഗഭേദങ്ങളിലുള്ള പൊതുവായ ആചാര നിയമങ്ങൾ തെറ്റിക്കുന്നത് ദൈവം വെറുക്കുന്നു. ആധുനിക സംസ്കാരം ചില ശീലങ്ങൾ അംഗീകരിച്ചു എന്നതുകൊണ്ട് ദൈവാനുഗ്രഹം അതിനുമേൽ ഉണ്ട് എന്ന് അർത്ഥമില്ല.സ്ത്രീ പുരുഷന്മാരെ തിരിച്ചറിയുവാൻ കഴിയാതെ വരുന്ന ഏതു വസ്ത്രവും ദൈവത്തിനു അറപ്പാണ്. സ്ത്രീയും പുരുഷനും ദൈവം ഏൽപ്പിച്ചിരിക്കുന്ന അവരുടെ കടമകളിൽ മങ്ങൽ ഏൽപ്പിക്കുവാൻ സമൂഹം തീവ്രമായി ശ്രമിക്കുന്നു എന്നു മാത്രമല്ല കാഴ്ചയിൽ അവരെ തിരിച്ചറിയാതിരിക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നു. സ്ത്രീകൾ പാൻസ് ധരിക്കുന്നത് ദൈവീകമായ കടമകൾ വിട്ടുകളഞ്ഞതിന്റെ ഫലമാണ്. അത് ദൈവത്തിന്റെ പദ്ധതികളെ ലംഘിക്കുന്ന ശീലങ്ങൾ എന്നു മാത്രമല്ല സമൂഹത്തിലും ഭവനത്തിലും സ്ത്രീ പുരുഷന്മാരെക്കുറിച്ചുള്ള ദൈവത്തിന്റെ ആഴമായ പദ്ധതികളെയും തെറ്റിക്കുന്നു. ഇതു പോലെ തന്നെ പുരുഷന്മാരും ഈ കാലത്ത് ആണത്വമറ്റ ഒരുക്കങ്ങൾ ചെയ്യുന്നതും തെറ്റാണ്.

### ലാളിത്യം നിർദ്ദേശിച്ചിരിക്കുന്നു.

പൗലോസ്, തിമൊഥെയൊസിന് നിർദ്ദേശങ്ങൾ കൊടുക്കുമ്പോൾ ദൈവഭക്തരായ സ്ത്രീകൾ തങ്ങളെ അലങ്കരിക്കുന്നതിനെക്കുറിച്ച് വിവരിക്കുന്നു (1തീമൊഥെയൊസ് 2 : 9) ആവണ്ണം തന്നെ സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കണം. പിന്നിയ മുടി, പൊന്ന്,മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല. തിരുവചനം വ്യക്തമായി സൂചിപ്പിക്കുന്നത് ദൈവപൈതലിന്റെ വസ്ത്രം ലളിതവും അച്ചടക്കത്തിന്റെ നിലവാരത്തിലുള്ളതും ആയിരിക്കണം എന്നാണ്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന സ്ത്രീകളിൽ ലാളിത്യവും ലജ്ജാശീലവും വളരെക്കുറവാണ്. സ്ത്രീയും പുരുഷനും അവരുടെ ശരീരങ്ങൾ മാന്യമായി മറയ്ക്കുമ്പോൾ അത് ഇറുകിയ അടിവസ്ത്രം കൊണ്ട് മാത്രമാകരുത്. ജനങ്ങൾ അവരുടെ ശരീരത്തിന്റെ ആകാരം എടുത്തുകാണിക്കുന്ന ഇറുകിയ വസ്ത്രങ്ങളാണ് ഇന്ന് ധരിക്കുന്നത്. ഇത് ദൈവജനത്തിന്റെ ഇടയിൽ പാടില്ല. സ്ത്രീ യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും കൂടി ആയിരിക്കണം. മുട്ടിനു താഴെ ഇറങ്ങി കിടക്കാത്ത പാവാട യോഗ്യമായ ഒന്നല്ല. നീളം കുറഞ്ഞതും അപ്പോൾ തന്നെ അതിൽ തുളകൾ ഉള്ളതുമായ വസ്ത്രങ്ങൾ മറ്റുള്ളവരുടെ ശ്രദ്ധ മന:പൂർവ്വം ശരീരത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഇത് വചനം അനുസരിക്കലല്ല.

വിലയേറിയ വസ്ത്രങ്ങൾ ധരിക്കുന്നതും തിരുവചനം വിലക്കുന്നു. മറ്റുള്ളവരെ ആകർഷിക്കുന്നതോ, ആഢംബരം കാണി

ക്കുന്നതോ ആയ വസ്ത്രം വിശുദ്ധൻ ധരിക്കരുത്. വചനം ഓർപ്പിക്കുന്നത് വസ്ത്രം മുതലായവ ലളിതവും, ഉചിതവും ആയിരിക്കണം എന്നാണ്. അലങ്കരിക്കുക എന്നു പറഞ്ഞാൽ ചിട്ടയാക്കുക ക്രമത്തിൽ വയ്ക്കുക എന്നാണ്, അത് സൂചിപ്പിക്കുന്നത് അശ്രദ്ധയ്ക്കോ, അലസതയ്ക്കോ ഒന്നിനും ക്രിസ്തീയ വിശ്വാസിയിൽ സ്ഥാനമില്ല എന്നാണ്. ദൈവമക്കൾ ചിട്ടയായ വസ്ത്രം ധരിക്കുന്നവരും നന്നായി നടക്കുന്നവരും ആയിരിക്കണം.

**ലാളിത്യം പ്രോത്സാഹിപ്പിച്ചിരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടത്തിൽ നിന്നാണ്**

വേഷഭംഗിയും അതിന്റെ രീതികളും പോകുകയും വരുകയും ചെയ്യും, എന്നാൽ ദൈവവചനത്തിന്റെ നിലവാരത്തിന് മാറ്റമില്ല. റോമയിലുള്ള വിശ്വാസികളോട് പൗലോസ്, ഓർപ്പിക്കുന്നത് "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാനാണ്"



(റോമർ 12 :2). ഒരു ദൈവപൈതൽ സ്വർഗ്ഗീയ പിതാവിന്റെ ഹൃദയത്തെ വേദനിപ്പിക്കുകയോ വസ്ത്രത്തിന്റെ കാര്യത്തിൽ ഈ ലോകത്തിനോട് അനുരൂപപ്പെടാതെ പോരാടേണ്ടതുമാകുന്നു. ലോകം വിലമതിക്കുന്നത് തീർച്ചയായും ക്രിസ്തുവിന് സുഖകരമല്ല എന്ന് ഓർക്കുക. തിന്മ വർദ്ധിച്ച് സമൂഹം വളഞ്ഞുപുളഞ്ഞ് കീഴ്പ്പോട്ടാണ് പോകുന്നത്. ദൈവപൈതൽ ലോകാത്മാവിന്റെ ആ മിഥ്യയിൽ നിന്ന് വേർപ്പെട്ട് നിൽക്കണം.

**ലോകത്തിന്റെ മോഹങ്ങളാൽ അല്ല നാം നിയന്ത്രിക്കപ്പെടുന്നത്**

ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിൽ നിന്നുള്ളതെല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (1യോഹന്നാൻ 2 : 15-17).

ഇന്നത്തെ വസ്ത്രധാരണം ഏറിയതും ജഡത്തെ ആകർഷിച്ച് ലൈംഗികത ഉണർത്തുന്നതാണ്. സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും സമൂഹത്തിൽ ജഡിക ആകർഷണത്തിന് പ്രാധാന്യം നൽകുന്ന വസ്ത്രം ധരിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നു. ഒരു വ്യക്തിയുടെ വിചാരങ്ങളിലും പ്രവർത്തികളിലും വസ്ത്രങ്ങൾക്ക് സ്വാധീനം ഉണ്ട്. ഒരു കൊച്ചുകുട്ടിയെ വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ ധരിപ്പിച്ചുകൊണ്ട് ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. മുതിർന്നവരും ഇതിൽ നിന്ന് വിഭിന്നമല്ല, എന്നാൽ അന്തരാത്മാവിൽ കർത്താവിനെ പ്രസാദിപ്പിക്കുന്ന വസ്ത്രധാരണത്തിനാണ് പ്രാധാന്യം. " ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്കു മാതൃക ആയിരിക്കണം (1 തീമൊഥെയൊസ് 4 : 12). ദൈവത്തിന്റെ വിശുദ്ധന്മാർ അലങ്കരിക്കപ്പെടേണ്ടത് അന്തരാത്മാവിൽ ഉളവായി പ്രായോഗിക ജീവിതത്തിൽ പ്രകടമാകുന്ന ലാളിത്യത്താലാണ്.

ദൈവത്തിന്റെ വിശുദ്ധന്മാർ അലങ്കരിക്കപ്പെടേണ്ടത് അന്തരാത്മാവിൽ ഉളവായി പ്രയോഗിക ജീവിതത്തിൽ പ്രകടമാകുന്ന ലാളിത്യത്താലാണ്.

**ചമഞ്ഞൊരുക്കവും ആഭരണവും**

1 തിമൊഥെയൊസ് 2 : 10 ൽ പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ വിലക്കിയിരിക്കുന്നു. 1 പത്രോസ് 3 : 3 ൽ "നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും" ആകരുതെന്ന് വീണ്ടും ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു. നിഗളിച്ചു നടന്ന സീയോൻ പുത്രിമാർക്ക് നേരെയാണ് ദൈവത്തിന്റെ ന്യായവിധി ഉണ്ടായത് (യെശയ്യാവ് 3 : 16-24). കണ്ഠാഭരണം, കമ്മൽ, മോതിരം മുതലായ ആഭരണം ധരിക്കുന്നത് പുതിയ നിയമകാലത്ത് ദൈവമക്കൾ ധരിക്കുന്നത് ദൈവേഷ്ടത്തിന് വിപരീതമാണ്. അത് പൊന്നോ, വെള്ളിയോ അല്ലാത്ത വിലക്കുറഞ്ഞ ആഭരണങ്ങൾ ആയാൽപ്പോലും വിശുദ്ധിക്കും ലാളിത്യത്തിനും വിപരീതമാണ്. ദൈവവചനം കണക്കിലെടുത്ത് ദൈവത്തിന്റെ ജനം ആത്മീകമായ വിവേചനമുള്ളവരും ബൈബിളിൽ പ്രത്യേകമായി പറയാത്ത വസ്തുക്കളുടെ' ചതിക്കുഴിയിൽപ്പെട്ട് പോകാതെയും സൂക്ഷിക്കണം.

### സൗന്ദര്യവർദ്ധിനികളും മോടിപിടിപ്പിക്കലും

അങ്ങനെതന്നെ മുഖവും ശരീരവും നോട്ടത്തിൽ ആകർഷണീയമാക്കുവാൻ മോടിപിടിപ്പിക്കുന്നതും വിശുദ്ധജീവിതത്തെ കാക്കുകയില്ല. ലേപനം ചെയ്യുന്ന ക്രീം, ലിപ്സ്റ്റിക്, കൺമഷി, കൺപോളകളിൽ പുരട്ടുന്ന നിറം, കവിളിൽ ഇടുന്ന നിറം, നഖത്തിൽ ഇടുന്ന നിറം, പച്ചകുത്ത്, പാദനഖ ചികിത്സ മുതലായവ ലോകത്തിൽ പ്രചുരപ്രചാരവും ലജ്ജാശീലത്തെയും ലാളിത്യത്തെയും മറയ്ക്കുന്ന ജഡത്തിന്റെ വഴിയാണ്. നമ്മുടെ ശരീരം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. ഈ സത്യം അനുസരിച്ച് ജീവിക്കുവാൻ മാത്രമല്ല, വചനപ്രകാരം അത് പഠിപ്പിക്കുവാനും യുവാക്കൾക്ക് മാതൃക ആകുവാനും ദൈവം ജനങ്ങളെ സഹായിക്കട്ടെ.




### കേശാലങ്കാരം

തലമുടി മോടി പിടിപ്പിക്കുന്നതിനും വളരെ ശ്രദ്ധ നൽകുന്നവരുണ്ട്. വിവിധ വർഗ്ഗത്തിൽപ്പെട്ടവർക്ക് പലതരത്തിലുള്ള മുടി നൽകിയിരിക്കുന്നതിനാൽ തിരുവചനം ചില മാർഗ്ഗരേഖകൾ നൽകിയിട്ടുണ്ട്. 'പുരുഷന്മാർ മുടി നീട്ടിയാൽ അത് അവന് അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അത് മൂടുപടത്തിനു പകരം നൽകിയിരിക്കകൊണ്ട് അവൾക്ക് മാനം ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ? (1 കൊരിന്ത്യർ 11 :14-15). ദൈവവചനം അനുസരിക്കുന്നതിനാൽ ദൈവം നന്നായി പ്രസാദിക്കുകയും, ദൈവം നൽകിയിരിക്കുന്നതുപോലെ നീളം കുറഞ്ഞ മുടി പുരുഷനും, നീളം കൂടിയ മുടി സ്ത്രീയ്ക്ക് മാനവും ആകുന്നു.

> **നിലവാരമില്ലാത്ത ഉപദേശം ശൂന്യമായ ഒരു കക്കപോലെ പ്രായോഗിക തലത്തിൽ ശൂന്യമാണ്**

പുരുഷന്മാർ മുടി കത്രിച്ചു നിർത്തുന്നതും, സ്ത്രീ നീട്ടിവളർത്തുന്നതും എളിമയിലും ലാളിത്യത്തിലും ആയിരിക്കണം. മുൻപ് സൂചിപ്പിച്ചതുപോലെ മുടി പിന്നുന്നതും, മറ്റു വസ്തുക്കൾ ഇടകലർത്തി പിന്നുന്നതുമെല്ലാം വിലക്കിയിരിക്കുന്നു.

### വിധിക്കരുത്

ദൈവത്തിന്റെ ജനം വേഗം അധ:പതനത്തിലേക്ക് പോകുന്ന ലോകത്തിന്റെ മാനദണ്ഡങ്ങളിൽ നിന്ന് ദൈവത്തിന്റെ നിലവാരത്തിലേക്ക് ഉയർന്നു വരണം. ന്യായവിധിയുടെ അടിസ്ഥാനം മറ്റുള്ളവർ ആയിരിക്കുകയില്ല. മറിച്ച് ദൈവത്തിന്റെ സ്ഥിരമായ വചനത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കത്തെ നാളിൽ നമ്മെ ന്യായം വിധിക്കും (യോഹന്നാൻ 12 : 48). ഓരോ ദൈവപൈതലും ദൈവവചനത്തിനു വിപരീതമായി പരിശുദ്ധാത്മാവ് നയിക്കുകയില്ല എന്ന് ഓർത്തുകൊണ്ട് പരിശുദ്ധാത്മാവിന്റെ നിയന്ത്രണം ആഗ്രഹിക്കണം. ആത്മീകമൂല്യങ്ങൾ താരതമ്യപ്പെടുത്തി വാദിക്കുന്ന ഈ കാലത്ത് ' നമ്മെ തന്നെ എണ്ണത്തിലൊ അവർ പറയുന്നതിനോടൊ ചേർത്തൊരുമിക്കുവാനോ ഉപമിക്കുവാനോ തുനിയരുത്; അവർ തങ്ങളാൽ തന്നെ അളക്കുകയും തങ്ങളോടു തന്നെ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ട് തിരിച്ചറിവുള്ളവരല്ല.... തന്നെത്താൻ പുകഴ്ത്തുന്നവനല്ല കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാവുന്നവൻ"( 2 കൊരിന്ത്യർ 10: 12,18). ബാഹ്യമായ നിലവാരങ്ങളുടെ അടിസ്ഥാനത്തിൽ ഉപദേശ സത്യങ്ങൾ ഒരിക്കലും തെളിവായി കിട്ടാത്ത ഒരുവന്റെ രക്ഷയെക്കുറിച്ച് വിധിക്കുന്നതിൽ സൂക്ഷിക്കുക. ഈ വെളിച്ചത്തിലേക്ക് എല്ലാവരും വരണം എന്നുള്ളത് ദൈവത്തിന്റെ ഹിതമാണ്.

### നിങ്ങൾക്കായി ഒരു നിലവാരം വയ്ക്കുക

വിശുദ്ധന്മാരുടെ ദൈനം ദിന ജീവിതത്തിൽ വിശുദ്ധിയുടെ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളത് പരമപ്രധാനമായ കാര്യമാണ്. നിലവാരമില്ലാത്ത ഉപദേശം ശൂന്യമായ കക്ക പോലെ പ്രായോഗിക തലത്തിൽ ശൂന്യമാണ്. നിയമനിഷ്ഠയുള്ള ഒരു വസ്ത്രത്തിനെക്കുറിച്ചോ, കൈയുടെ നീളത്തിനെക്കുറിച്ചോ ഒന്നും ബൈബിൾ കൃത്യമായി പറയുന്നില്ല. എന്നാൽ മുട്ടിനു മുകളിൽ കാണുന്നത് നഗ്നതയെന്നു മനസ്സിലാക്കി കുറഞ്ഞത് കാലിന്റെ മുക്കാൽ ഭാഗം വരെയെങ്കിലും പാവടയ്ക്ക് ഇറക്കവും ഉടുപ്പിന്റെ കൈയുടെ നീളവും സുരക്ഷിതമാണ്.

എല്ലാറ്റിനും ഉപരിയായി ഈ സത്യം വ്യക്തിപരമാക്കുവാൻ ദൈവീക വെളിപ്പാടും ആവശ്യമാണ്. ഇപ്പോൾ തന്നെ വിശുദ്ധജനത്തിന്റെ മദ്ധ്യത്തിൽ വിട്ടുവീഴ്ചകളും സംശയങ്ങളും ഈ വരികൾക്കിടയിൽ ഉണ്ട്. എന്നാൽ യെശയ്യാവ് 62: 10 ൽ പറയുന്ന ആഹ്വാനത്തിനും നിർദ്ദേശത്തിനം ആര് ഉത്തരം നൽകും? 'കടപ്പിൻ; വാതിലുകളിൽ കൂടി കടപ്പിൻ; ജനത്തിനു വഴി ഒരുക്കുവിൻ; നികത്തുവിൻ പെരുവഴി നികത്തുവിൻ; കല്ലുപെറുക്കി കളവിൻ; ജാതികൾക്കായിട്ട് ഒരു കൊടി (നിലവാരം) ഉയർത്തുവിൻ."

**അനുസരിക്കുന്നതിലെ സന്തോഷം**

ഈ പാപലോകത്തിന്റെ വഴികളെക്കാൾ ഉയർന്നു നിൽക്കുന്ന വിശുദ്ധിയുടെ പെരുവഴി ഉണ്ട്. ദൈവത്താൽ നൽകപ്പെട്ട വിശുദ്ധിയുടെ ബാഹ്യമായ നിലവാരം മനോഹരമാണ്. ലാളിത്യം ഒരിക്കലും ഒരു ബന്ധനമായിട്ടല്ല നൽകിയിരിക്കുന്നത്. ബാഹ്യമായ വിശുദ്ധി ഒരു ശുദ്ധഹൃദയത്തിന്റെയും, ജീവിതത്തിന്റെയും ഫലമാണ്. ന്യായപ്രമാണം മരണം കൊണ്ടു വരുമ്പോൾ ആത്മാവ് ജീവനും, വചനത്തിന് അർത്ഥവും കൊണ്ടുവരുന്നു. 'അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കൽപ്പനകൾ ഭാരമുള്ളവയല്ല ( 1 യോഹന്നാൻ 5: 3). ദൈവവചനം അനുസരിക്കുന്നത് ക്രിസ്ത്യാനിയുടെ സന്തോഷമാണ്. അനുസരണത്തിനുള്ള പ്രതിഫലം, കത്തൃസേവയിൽ മറ്റ് ത്യാഗങ്ങളെക്കാൾ വളരെ വലുതാണ്. ദൈവജനത്തിന്റെ പുറമെയുള്ള കാഴ്ച അവരുടെ സ്വർഗ്ഗീയ പൗരത്വത്തിൽ പ്രതിഫലിക്കും.

- MWS

## ഞാൻ അവ ധരിക്കണോ?

**(ബാഹ്യരൂപത്തെകുറിച്ച് സ്വയം ചോദിക്കേണ്ട ചോദ്യങ്ങൾ)**

- എന്തുകൊണ്ട് ഞാൻ അവ ധരിക്കണം ?
- എന്റെ വികാരങ്ങൾക്ക് അവ എങ്ങനെ ?
- എന്റെ ശരീരം മറയ്ക്കപ്പെട്ടിട്ടുണ്ടോ? അവ പ്രദർശിപ്പിക്കുന്നതാണോ അഥവാ ഇറുകിയതാണോ?
- അവ ലളിതവും യോഗ്യവുമാണോ?
- ലോകത്തിന് ഞാൻ എന്തു പ്രതിച്ഛായയാണ് ഉണ്ടാക്കുന്നത്?
- അവ എളിമയും ലാളിത്യവും പ്രതിഫലിപ്പിക്കുന്നുണ്ടോ?
- അവയിൽ ദൈവം പ്രസാദിക്കുന്നുണ്ടോ?

# സംസ്ക്കാരം



രാജ്യങ്ങൾ തമ്മിലും സംസ്ക്കാരങ്ങൾ തമ്മലും തലമുറകൾ തമ്മിലും വസ്ത്രധാരണത്തിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ തുടരും. എല്ലാ സംസ്ക്കാരങ്ങളിലുമുള്ള വസ്ത്രധാരണത്തെ ഒന്നിനെയും മാറ്റി കൊണ്ടുള്ള ഒരു വേഷവിധാനം ദൈവവചനത്തിൽ ദൈവം നിർദ്ദേശിച്ചിട്ടില്ല. വസ്ത്രധാരണത്തിൽ ഒരു സംസ്ക്കാരം ദൈവവചനത്തിന്റെ നിലവാരം തെറ്റിച്ചാൽ ദൈവവചനത്തിന് മുൻഗണ നൽകുക. അമേരിക്കയിൽ നിന്നുള്ള ഒരു സഹോദരി പാവാടയും ബ്ലൗസും, മലവിയിൽ നിന്നുള്ള സഹോദരി കെറ്റങ്ങും, പാക്കിസ്ഥാനിൽ നിന്നുള്ള സഹോദരി സാൽവാറും കമ്മീസും ധരിക്കുന്നു. വിവിധ തരത്തിലുള്ള ഈ വസ്ത്രങ്ങൾ എല്ലാം ലളിതവും, നീളമുള്ളതും, മാന്യവും ആയിരിക്കുന്നിടത്തോളം അവ ദൈവത്തിനും സ്വീകാര്യമാണ്.

ഒരു പ്രത്യേക സമൂഹം വസ്ത്രം ധരിക്കേണ്ടതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ച ചരിത്രം ഉണ്ട്; ഉണ്ടാകാം. നിർദ്ദേശങ്ങളുടെ പൊരുൾ മനസ്സിലാക്കി അത് അഭക്തനായ ഒരു മനുഷ്യനിൽ നിന്ന് ആണെങ്കിൽ ദൈവപൈതൽ അത് തള്ളിക്കളയണം. ഉദാഹരണത്തിന് സ്വവർഗ്ഗരതിക്കാരുടെ പ്രതീകമായി ഇന്ന് നീലഷർട്ട് നിലനിന്നാൽ ദൈവത്തിന്റെ വിശുദ്ധർ നീലഷർട്ട് തെരഞ്ഞെടുക്കുന്നത് ഉചിതമല്ല. എന്നാൽ ഈ തത്വങ്ങൾ മനസ്സിൽ വയ്ക്കുകയും 40 വർഷങ്ങൾക്കു ശേഷം നീലഷർട്ടിന് പ്രത്യേകമായ പ്രാധാന്യം ഒന്നും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ അത് ധരിക്കുന്നത് അവിവേകം ആകുകയില്ല.

- MWS

**ചോദ്യവും ഉത്തരവും**

## ചോദ്യം : സ്ത്രീകൾക്ക് പാന്റ് അനുയോജ്യമായ വസ്ത്രമാണോ?

ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ 1 തീമോത്തി 2:9 വിശദമായി പരിശോധിക്കേണ്ടതുണ്ട്. "ആവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം."

"യോഗ്യമായ വസ്ത്രം" എന്നതിന് മൂലഭാഷയിൽ *'കോസ്മിയോസ് കറ്റാസ്റ്റോൾ'* എന്നാണ് കൊടുത്തിരിക്കുന്നത്. *പുതിയ നിയമ നിഘണ്ടുവിൽ 'കോസ്മിയോസ്'* എന്നതിന് ക്രമമായ, ഉന്നതനിലവാരത്തിലുള്ള, യോഗ്യമായ, നന്നായി തയ്യാർ ചെയ്തിട്ടുള്ള എന്നൊക്കെയാണർത്ഥം. ബൈബിളിന്റെ തനതായ ശൈലിയിൽ 'യോഗ്യമായ' എന്നതിന് ഒരു വ്യക്തിയുടെ പെരുമാറ്റം, സ്വഭാവം എന്നിവയെക്കുറിക്കുന്നതാണ്.

*'കാറ്റസ്റ്റോൾ' അഥവാ ധരിക്കുക എന്ന വാക്ക് 'കാറ്റാ' എന്നും 'സ്റ്റോൾ' എന്നുമുള്ള രണ്ടു ഗ്രീക്കു പദങ്ങൾ ചേർന്നു ഉണ്ടായതാണ്. കാറ്റാ എന്നാൽ താഴെ വരെ നീണ്ടുകിടക്കുന്ന എന്നും സ്റ്റോൾ എന്നാൽ നീളമുള്ള, അയഞ്ഞ പുറം വസ്ത്രം എന്നും അർത്ഥമാക്കാവുന്നതാണ്. കാറ്റാസ്റ്റോൾ എന്നാൽ* നീളമുള്ള വസ്ത്രം, വേഷം, എന്നെല്ലാമാണ്. പുതിയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷാന്തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. *മറ്റൊരു പഠനവേദ ഭാഷാന്തരത്തിൽ പാദം വരെയും നീണ്ടു നിവർന്നു കിടക്കുന്ന വസ്ത്രം എന്നാണ് കൊടുത്തിരിക്കുന്നത്.*

ആഡംക്ലാർക്ക് എന്ന ബൈബിൾ വിവർത്തകൻ കാറ്റാസ്റ്റോൾ എന്ന പദത്തിന് കൊടുത്തിരിക്കുന്ന വിശദീകരണം ശ്രദ്ധിച്ചാലും:

> യവനായ റോമൻ വസ്ത്രങ്ങളെക്കുറിച്ചാണ് അപ്പോസ്തലൻ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. 'സ്റ്റോള' വളരെ ലളിതവും സാധാരണവുമായ ഒരു വസ്ത്രമായി കാണപ്പെടുന്നു. തോൾ മുതൽ പാദം വരെ നീളമുള്ള രണ്ടുത്തുണിയായിട്ടാണ് അതു കാണുന്നത്. രണ്ടുവശങ്ങളിലും തയ്യൽ ഉണ്ട് ; കൈകളുടെ ഭാഗംമാത്രം തയ്യലില്ലാതെ വിട്ടേക്കുന്നു; മുകളിൽ തലയുടെ ഭാഗത്തും തലപ്രവേശിപ്പിക്കുവാൻ പാകത്തിന് വെട്ടിയെടുത്തു മാറ്റുന്നു. കഴുത്തുമുതൽ പാദംവരെയും നീണ്ടുകിടക്കുന്ന അതിന്റെ മദ്ധ്യഭാഗത്ത് അരയ്ക്കു മുകളിൽ രണ്ടു സൈഡിൽ നിന്നും മുമ്പിലോട്ടും പിറകിലോട്ടുമായി ഓരോ നടുക്കെട്ട് ഉണ്ട്. ചിലർ തോൾ ഭാഗത്ത് കൈയിറക്കത്തിനായി തുണി വച്ചു പിടിപ്പിക്കുന്നു; ചിലർ അല്ലാതെയും. തോൾഭാഗത്ത് ഒരു കെട്ടോ, ബക്കിളോ വച്ചു പിടിപ്പിക്കുന്നു. ചില യവനായ സ്ത്രീകൾ പാദംതൊട്ട് കാൽമുട്ടുവരെയോ, കാൽമുട്ടിന് മുകളിലായോ വരെ തയ്യലില്ലാതെ തുറന്നിട്ടിരിക്കുന്നു. അതിനാൽ അവരുടെ തുടഭാഗം വരെ തുറന്നു കിടക്കും. ഇങ്ങനെ സാധാരണയായി കൊച്ചുകുട്ടികളോ അല്ലെങ്കിൽ അപരിഷ്കൃതരായ സ്ത്രീകൾ മാത്രമേ അപ്രകാരമുള്ള വസ്ത്രങ്ങൾ ധരിക്കാറുള്ളൂ.
>
> 'കാറ്റസ്സ്റ്റോൾ' എന്നത് സ്റ്റോളയ്ക്ക് സമാനമായ ഒരു മേലങ്കി അഥവാ സ്ത്രീകളുടെ അയഞ്ഞ മേൽവസ്ത്രം എന്നു വിശേഷിപ്പിക്കാം. അതു കഴുത്തു മുതൽ ഏകദേശം അരയ്ക്കു താഴെ വരെ മുൻപിലും പിറകിലുമായി നീണ്ടുകിടക്കുന്ന ഒരു വസ്ത്രമാണ്. ഇതിന്റെ തോൾ ഭാഗത്ത് ഒരു കെട്ടോ, ബക്കിളോ വച്ചു പിടിപ്പിക്കുന്നു. മുകൾ ഭാഗത്ത് തല പ്രവേശിക്കുവാൻ പാകത്തിന് വെട്ടിയെടുത്ത് അവിടെ തയ്യ്ച്ചെടുക്കുന്നു. അത് സ്റ്റോളേക്ക് മുകളിലൂടെ ധരിക്കുകയും അരഭാഗം വരെ മേലങ്കിയായി ഇടക്കെട്ടില്ലാതെ ഇടുകയും ചെയ്യുന്നു... യവനായരുടെ വസ്ത്രധാരണങ്ങളിൽ അവ ഏറ്റവും മാന്യവും ഒതുക്കവുമുള്ള വസ്ത്രമായി നിലകൊണ്ടു. അതിനാൽ ഈ വസ്ത്രരീതി, 1805 കാലഘട്ടങ്ങളിൽ ഇംഗ്ലണ്ടിലും, അതിന്റെ മാന്യതയും, ലാളിത്യവും മനസ്സിലാക്കി അവരും അവലംബിക്കുകയും ചെയ്തു. കുറേനാൾ കഴിഞ്ഞപ്പോൾ ശൈലിക്ക് മാറ്റം വന്നു. ആഡംബരവും, വിഢിത്വവും കണ്ണഞ്ചിപ്പിക്കുന്നതുമായ ചിന്തകളുടെ സ്വാധീനത്താൽ അവ മാറ്റിമറിക്കപ്പെട്ടു. കാലോചിതമായ മാറ്റങ്ങൾ വസ്ത്രധാരണത്തിന് കൈവന്നു.



ബൈബിൾ അടിസ്ഥാനമായുള്ള വസ്ത്രധാരണം എന്നു പറയുന്നത് *"കോസ്മിയോസ് കറ്റാസ്റ്റോൾ"* - പ്രത്യേകിച്ച് സ്ത്രീകൾ യോഗ്യമായതും, ശരീരഭാഗങ്ങൾ മറയ്ക്കപ്പെടുന്നതുമായുള്ള ഇറക്കമുള്ള വസ്ത്രം ധരിക്കേണം എന്നതാണ്. 'ഇറുക്കമുള്ളതും', 'പാന്റും', മിനിസ്കർട്ട്സും ദൈവഭക്തിയുള്ള സ്ത്രീകൾ ധരിക്കുന്നത് യോഗ്യമല്ല.

ഇതുകൂടാതെ തിരുവചനത്തിൽ മാന്യമായ വസ്ത്രത്തെക്കുറിച്ച് പറയുമ്പോൾ, അതി പ്രധാനമായ മറ്റൊരു കാര്യമാണ് സ്ത്രീകൾ പുരുഷന്റെ വസ്ത്രമായ പാന്റ് ധരിക്കുന്നത് ഉചിതമോ എന്നത്. പഴയ നിയമത്തിൽ "പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്" എന്ന് ഓർപ്പിക്കുന്നു. (ആവർത്തനം 22:5)

പഴയനിയമകാലത്ത് 'ബ്രീച്ചസ്' എന്നാണ് പുരോഹിതന്മാരുടെ വസ്ത്രത്തിനു പറഞ്ഞിരുന്നത്. (പുറപ്പാട്.28:42) എബ്രായ ലെക്സിക്കൻ അനുസരിച്ച്, 'ബ്രീച്ചസ്' എന്നാൽ പാദം വരെ മറഞ്ഞുകിടക്കുന്ന വസ്ത്രം എന്നാണർത്ഥം. അന്നത്തെ കാലത്ത് കണങ്കാൽ കാണത്തക്കവിധമുള്ള വസ്ത്രങ്ങളുണ്ടായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ അങ്ങനെതന്നെയായിരുന്നു. എന്നാൽ പാശ്ചാത്യനാടുകളിൽ അതായിരുന്നില്ല സ്ഥിതി. അവിടെ സ്ത്രീകൾ പോലും പാന്റ് ധരിക്കാൻ തുടങ്ങി. ലോകമഹായുദ്ധങ്ങളുടെ കാലത്ത് പുരുഷന്മാർ യുദ്ധം ചെയ്യുവാൻ പുറത്തേക്ക് പോയപ്പോൾ സ്ത്രീകൾക്ക് ഫാക്ടറികളിലും മറ്റും ജോലിചെയ്യേണ്ടി വന്നു. അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ പാന്റും മറ്റും ധരിച്ച് പുറത്തുപോകാൻ തുടങ്ങി. അവർക്കത് സൗകര്യപ്രദമായി തോന്നുകയും ചെയ്തു. കാലക്രമേണ സ്ത്രീ സ്വാതന്ത്ര്യത്തിനായി വാദിക്കുന്ന സംഘടനകൾ രൂപം കൊണ്ടു. അവർ പുരുഷന്മാർക്ക് തുല്യമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്വായത്തമാകത്തക്കവിധം വാദിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. ഗൃഹഭരണം മാത്രമല്ല സമൂഹത്തിലും ജോലിസ്ഥലത്തും അവർ  അവരുടെതായ തനതായ വ്യക്തിത്വം പിടിച്ചെടുക്കുന്നതിൽ വിജയിച്ചു. അധികാരത്തിന്റെ പ്രതീകമായ വസ്ത്രമാണ് പാന്റ് എന്നിരിക്കെ, ഒരു കുടുംബത്തിൽ ആരാണ് പാന്റ് ധരിക്കേണ്ടത്? എന്ന ചോദ്യം പ്രസക്തമാണ് നിർഭാഗ്യവശാൽ, മിക്കവിശുദ്ധന്മാർ പോലുമിന്ന് സ്വാതന്ത്ര്യസംഘടനയുടെ സ്വാധീനശക്തിയാൽ തിരുവചന ഉപദേശത്തിൽ നിന്നും വ്യതിചലിച്ചുപോയി.



സ്ത്രീ പുരുഷന്മാരെ ദൈവം വ്യത്യസ്തരായിതന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവരവരുടെ അവസ്ഥക്കനുസരിച്ച് വർത്തിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. സ്ത്രീ പുരുഷവേർതിരിവില്ലാതെയാക്കുവാൻ വേർപാടിന്റെ നടുചുവർ തകർക്കുവാനാണ് ആധുനിക സമൂഹത്തിന്റെ എല്ലാ ശ്രമങ്ങളും. വസ്ത്രമാറ്റം അതിലൊന്ന് മാത്രമാണ്. ലോകവ്യാപകമായി സ്ത്രീകളുടെ ടോയിലറ്റിന് മുമ്പിലായി സ്ത്രീയുടെ വസ്ത്രത്തിന്റെ ചിത്രവും പുരുഷന്മാരുടെതിന്റെ മുൻവശത്തായി പാന്റിന്റെ ചിത്രവുമാണ് ഈ പാപപങ്കിലമായ ലൗകീകമനുഷ്യർ പോലും ചിത്രീകരിച്ച് സ്ത്രീ പുരുഷവേർതിരിവ് വസ്ത്രത്തിലൂടെ വ്യക്തമായി തിരിച്ചറിയുന്നു എന്നതാണ് വാസ്തവം.

**അധികാരത്തിന്റെ പ്രതീകമായ വസ്ത്രമാണ് പാന്റ് എന്നിരിക്കെ, ഒരു കുടുംബത്തിൽ ആരാണ് പാന്റ് ധരിക്കേണ്ടത്? എന്ന ചോദ്യം പ്രസക്തമാണ്**

പാശ്ചാത്യസംസ്ക്കാരത്തിൽ പോലും സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ച് സമൂഹത്തിൽ പെരുമാറുമ്പോൾ അതവരുടെ 'വിശുദ്ധവും' യോഗ്യതയുമായി ലോകം കാണുന്നു. ക്രിസ്ത്യാനികളായ സ്ത്രീകൾ ആവ്വണ്ണം യോഗ്യമായ വസ്ത്രം ധരിച്ച് പുറത്തുപോയാൽ ഈ ലോകം പോലും അവർ വിശുദ്ധരാണെന്ന് വിലയിരുത്തുന്നു.

ഏകദേശം 6000 വർഷങ്ങളായി സ്ത്രീകൾ നീണ്ട കുപ്പായമാണ് ധരിക്കാറുള്ളത്. ഏതാണ്ട് കഴിഞ്ഞ നൂറ് വർഷങ്ങൾ കൊണ്ടുള്ള വ്യത്യാസമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്.

ദൈവവചനത്തിന് മാറ്റമില്ല. ദൈവത്തിന്റെ വഴി പൂർണ്ണവും, നേരായതുമത്രെ. ക്രിസ്തീയ സ്ത്രീ പുരുഷന്മാർ മാതൃകയുള്ളവരാകണം. ദൈവവിളിക്ക് യോഗ്യരാകണം. സ്ത്രീ പാന്റ് ധരിക്കുന്നതു വചനവിരുദ്ധമാണ്. അവരിൽ വ്യാപരിക്കുന്ന ആത്മാവ് തെറ്റിലേക്കുവലിച്ചിഴയ്ക്കുന്നു. നമ്മുടെ കർത്താവ് വീണ്ടും വരുന്നതുവരെ ദൈവം നമുക്ക് ശരിയായ ദർശനവും ബുദ്ധിയും നൽകി നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

- MWS

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**



**ഉപ്പുകുറ്റി പൊങ്ങിയ പാദരക്ഷകൾ ധരിക്കുന്നത് ബൈബിൾ അനുശാസിക്കുന്ന  വിശുദ്ധിക്കും ലാളിത്യത്തിനും, താഴ്മയ്ക്കും അനുസരണമാണോ?** ഈ ചോദ്യത്തിന് ലോകം തന്നെ ഉത്തരം നൽകട്ടെ.

"പക്ഷേ നിങ്ങൾ കിടാക്കളുടെ ഉപ്പുകുറ്റി നീളത്തിൽ വച്ചു പിടിപ്പിക്കുന്നു... ഇപ്പോൾ നിങ്ങൾ സംസാരിക്കുന്നു. ഉപ്പുകുറ്റി ഉയരം കൂട്ടുക മാത്രമല്ല, നിങ്ങളുടെ ചലനങ്ങളെയും ചിന്തകളേയും സ്വാധീനിക്കുന്നു....നിങ്ങൾ സത്യസന്ധനും ഉത്തമനും ആയിരിക്കും. നിങ്ങളുടെ ശരീരം അതിനെ ഉൾകൊണ്ട് ചിന്തിക്കുമ്പോൾ അതിന് അനുസൃതമായി ചരിക്കുവാൻ കഴിയും."

– 'Why a Vogue Editor will always wear High Heels'' By Alexandra Shulman.

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# സുവിശേഷത്തിനായി വേർതിരിച്ചു

*"സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പോസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലോസ്"* – റോമർ 1:1.



യേശുക്രിസ്തുവിന്റെ വേലക്കാരനാകുവാനുള്ള വിളിയെക്കാൾ മറ്റൊരു പദവി ഇല്ല. രാജാധി രാജാവും കർത്താവുമായവന്റെ ആജ്ഞകൾ ലഭിക്കുന്നത് ഈ ലോകത്തിലുള്ള മറ്റ് കാര്യങ്ങളെക്കാൾ പദവിയും ബഹുമാനവും ഉള്ളതാണ്. രക്ഷിക്കപ്പെടാത്തവരെയും വിശ്വാസ ഭവനങ്ങളെയും ശുശ്രൂഷിക്കുന്നത് തെരഞ്ഞെടുക്കുകയെന്നാൽ ഒരു ഉദ്യോഗമല്ല, കർത്താവിന്റെ പവിത്രമായ വിളിയാണ്.

ദൈവത്തിന്റെ ആത്മാവ് ഇപ്പോഴും ശുശ്രൂഷയ്ക്കായി വിശുദ്ധന്മാരെ വിളിച്ചു കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ എല്ലാവിളികളും വ്യത്യസ്തമായിരിക്കുമ്പോൾ സുവിശേഷത്തിനു വേണ്ടി ഹൃദയത്തിന്റെ പൂർണ്ണമായ ഏകാഗ്രതയും, സമയവും, ആരോഗ്യവുമുള്ളവരെ ദൈവം അന്വേഷിച്ചു കൊണ്ടിരിക്കുന്നു. പൗലോസ് ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവൻ ആയിരുന്നു. ഈ ലോകത്തിലെ കാര്യങ്ങളെല്ലാം അവസാനിപ്പിച്ച് ആയുസ്സ് മുഴുവൻ സുവിശേഷത്തിനായി അവൻ വേർതിരിക്കപ്പെട്ടു. ഭാഗീകമായി സുവിശേഷവേല ചെയ്യുവാനുള്ള അവസരം ഉണ്ടാകാം, എന്നാൽ കർത്താവുമായുള്ള സമർപ്പണത്തിൽ ഭാഗീകമായ ഒന്നില്ല. ഈ തലമുറയിൽ ശുശ്രൂഷകന്മാർ ലോകത്തിൽ അവരെ ബന്ധിപ്പിക്കുന്ന ആകുലതകളിൽ നിന്ന് വേർപ്പെട്ട് പൂർണ്ണമായും സുവിശേഷത്തിനായി സ്വദേശത്തും വിദേശത്തും അദ്ധ്വാനിക്കണം.

നിങ്ങൾ സുവിശേഷത്തിനായി ദൈവത്താൽ വിളിച്ച് വേർതിരിക്കപ്പെട്ടവരെങ്കിൽ നല്ല ധൈര്യമുള്ളവരായും വിശ്വസ്തരും ആയിരിക്കുക, എന്നാൽ നിങ്ങളുടെ ഗുരു നിങ്ങളെ സംരക്ഷിക്കും.

- *MWS*



Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**